# സിറിയയിലെ രാസായുധങ്ങൾ നശിപ്പിക്കുവാന് ഇന്ത്യ പിന്തുണ പ്രഖ്യാപിച്ചു.

ഡിസംബർ 03, 2013

സിറിയയുടെ രാസായുധങ്ങൾ നശിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സൌകര്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നതിന് ഒരു ദശലക്ഷം അമേരിക്കൻ ഡോളര് ഹേഗിലെ രാസായുധ നിരോധനത്തിനുള്ള സംഘടനയുടെ (organization for the Prohibition of Chemical Weapons (OPCW) ട്രസ്റ്റ് ഫണ്ടിലേക്ക് സാമ്പത്തിക സംഭാവന നൽകാമെന്ന് ഇന്ത്യ ഗവൺമെന്റ് തീരുമാനിച്ചു.

രാസായുധ നശീകരണ പ്രവർത്തനങ്ങളില് നശീകരണ നിർണയ പ്രവർത്തനങ്ങളിലും സിറിയയിലെ രാസായുധ നശീകരണത്തിന് വേണ്ടിയുള്ള യുഎൻ/ ഒപിസിഡബ്ല്യുവിന്റെ ദൌത്യത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വേണ്ടിയുള്ള പരിശീലനത്തിനും തങ്ങളുടെ വിദഗ്ധരുടെ സേവനവും നൽകാമെന്ന് ഇന്ത്യ വാഗ്ദാനം

ചെയ്തു.
രാസായുധ സമ്മേളനത്തിലെ അടിസ്ഥാന അംഗ രാജ്യങ്ങളിൽ ഒന്നായ ഇന്ത്യ അതിന്റെ അവകാശ രാജ്യം എന്ന നിലയിൽ സമ്മേളനത്തിനു ചേരുന്നത് പോലെ തങ്ങളുടെ രാസായുധ നശീകരണം പൂർത്തീകരിച്ചിട്ടുണ്ട്
.
സമയബന്ധിതമായി സുരക്ഷ ഉറപ്പുവരുത്തുന്നതിലും സിറിയയിലെ രാസായുധങ്ങൾ നശിപ്പിക്കുന്നത്തിലും ഉണ്ടായിരിക്കുന്ന പുരോഗതിയെയും അതോടൊപ്പം തന്നെ രാസായുധ സമ്മേളനത്തിൽ സിറിയയുടെ പങ്കാളിത്തത്തെയും ഇന്ത്യ സ്വാഗതം ചെയ്തു. ഒപിസിഡബ്ല്യുവിന് ഇന്ത്യ നൽകുന്ന സഹായം ലോകമെമ്പാടുമുള്ള രാസായുധം പൂർണമായി നശിപ്പിക്കുവാനും തുടച്ചുമാറ്റുവാനുമുള്ള ഇന്ത്യയുടെ പിന്തുണയുടെ സ്ഥിരമായ നിലപാടിന്റെ ഉറച്ച തെളിവാണ്